**വിവരാവകാശം / മറുപടി**

നം. **D2-613/18**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 01.12.2018.
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

നാസ്സിർ മനയിൽ,
മനയിൽ വീട്,
വെസ്റ്റ് വെളിയത്തുനാട്,
ആലുവ – 683 511.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – ഡയറക്ടറേറ്റ് – വിവരാവകാശം – അപേക്ഷ – മറുപടി – സംബന്ധിച്ച്.

സൂചന :- താങ്കളുടെ 04.10.2018 തീയതി പ്രകാരമുള്ള അപേക്ഷ.

വിവരാവകാശ നിയമ പ്രകാരം താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. All Kerala Wheelchair Rights Federation (AKWRF) എന്ന സംഘടനയ്ക്ക് 2017-18 വർഷം, സംഘടനയിലെ അംഗങ്ങൾക്ക് വീട്ടിലിരുന്ന് സ്വയം തൊഴിൽ ചെയ്യുന്നതിനായി 25 ലക്ഷം രൂപ പദ്ധതി ഇതര ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. തുക കൈമാറിയിട്ടില്ല.
2. AKWRF-ന് തുക അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് ഉണ്ട്. സ.ഉ.(സാധാ) നം. 194/2018/സാ.നീ.വ, തീയതി. 27.03.2018. പകർപ്പ് ഉൾപ്പെടുത്തുന്നു.
3. ഗ്രാന്റായി നൽകുന്നതിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.
4. സ്വയം തൊഴിൽ ആരംഭിക്കുന്നതിന് മറ്റൊരു സംഘടനയ്ക്കും ഇത്തരത്തിൽ ഫണ്ട് നൽകിയിട്ടില്ല.
5. 26 പേജുള്ള പ്രോജക്ട് പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി 52/- രൂപ ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കേണ്ടതാണ്.
6. ജില്ലാ സാമൂഹ്യനീതി ഓഫീസർ, മലപ്പുറം.
7. സർക്കാർ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഇതര വിഭാഗത്തിൽ ടി സംഘടനയ്ക്ക് തുക വകയിരുത്തിയിരുന്നു. സാമൂഹ്യനീതി വകുപ്പിൽ നിന്നും ശുപാർശ ചെയ്തിട്ടില്ല.

AN

8. നിലവിൽ NGOകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഡയറക്ടറേറ്റിലെ ടെക്നിക്കൽ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തി അനുവദിക്കാവുന്ന ഫണ്ടിനായി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നു. സർക്കാർ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി പ്രോജക്ട് പരിശോധിച്ച് അർഹതപ്പെട്ട പക്ഷം ഭരണാനുമതി നൽകി ഉത്തരവാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം തയ്യാറാക്കി തുക ഗഡുക്കളായി അനുവദിക്കുന്നു. മേൽ നടപടികൾക്കായി രണ്ട് മാസം വരെ കാലതാമസം ഉണ്ടാകാം.

9. All Kerala Wheelchair Rights Federation KNR/CA/427/2016, III/346 Padiyoor Grama Panchayath, Irikkur P.O., Kannur – 670 593.

   25.11.2016 നാണ് സംഘടന രജിസ്റ്റർ ചെയ്തിട്ടുള്ളത്.

   All Kerala Wheelchair Rights Federation എന്ന പേരിൽ സാമൂഹ്യനീതി വകുപ്പിൽ അപേക്ഷ നൽകിയിരുന്നു.

10. സംഘടനയിൽ അംഗങ്ങളായിട്ടുള്ള വീൽ ചെയറിൽ കഴിയുന്നവരും കിടപ്പ രോഗികളുമായ അംഗങ്ങൾ സ്വന്തം വീട്ടിലിരുന്ന് സ്വയം തൊഴിൽ ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

    സാമൂഹ്യനീതി വകുപ്പിൽ സമർപ്പിച്ചിരുന്ന പ്രോജക്ട് പ്രൊപ്പോസലിൽ ചുവടെ പറയുന്ന സ്വയം തൊഴിൽ പരിശീലനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്.

    Umbrella making
    Washing Powder Production
    Phenyl Production
    Note book manufacturing
    Paper bags manufacturing

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ലാത്ത പക്ഷം, മറുപടി ലഭിച്ച് 30 ദിവസത്തിനുള്ളിൽ ചുവടെ ചേർക്കുന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ശ്രീ. കെ. ഗീത,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
5th ഫ്ലോർ, വികാസ് ഭവൻ,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം

AN